നിൽക്കട്ടെ. പക്ഷേ റിമാന്റ് ചെയ്തപ്പോൾ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ച് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ടല്ലോ. നിങ്ങളുടെ അപ്പീലുണ്ട്, ഇപ്പോഴത്തെ ഓപ്പറേറ്റിംഗ് പ്രൊവിഷൻ എന്താണ് ? ഇത് ചെയ്യണമെന്നുള്ളതാണ്. അത് ചെയ്യാനായി പഴയ എസ്.ഐ.ടി.-യെ പുനഃസ്ഥാപിക്കുമോ എന്നതാണ് ചോദ്യം. നിങ്ങൾ അത് ചെയ്യില്ലെന്നറിഞ്ഞു കൊണ്ട് തന്നെയാണ് ചോദിക്കുന്നത്.

ശ്രീ. കെ. എം. മാണി : സർ, ഗവൺമെന്റിന്റെ സ്റ്റാൻഡ് പറഞ്ഞു കഴിഞ്ഞു. ഡി.സി. അപ്പീലിന് റിമാന്റ് ചെയ്യാൻ അധികാരമില്ലെന്ന സ്റ്റാൻഡെടുത്തത് ഈ ഗവൺമെന്റാണ്. കേസ് ട്രൈബ്യൂണലിൽ നിൽക്കുകയാണ്. അതിന്റെ ഡിസിഷൻ വരട്ടെ. ഇതിനകത്ത് ഗവൺമെന്റിന് ഒന്നും മറച്ചു വയ്ക്കാനില്ല. ഡോ. ടി. എം. തോമസ് ഐസകിന് എന്തെങ്കിലും വിവരങ്ങളോ റിപ്പോർട്ടോ കൈയിലുണ്ടെങ്കിൽ നൽകിയാൽ തുറന്ന മനസ്സോടെ വായിച്ചു നോക്കി അന്വേഷണം നടത്തുകയും ചെയ്യാം. കൂടുതലായി ഒന്നും പറയാനില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

X പ്രത്യേക പരാമർശം

1. ചെക്ക്പോസ്റ്റുകളിൽ വ്യാപാരികൾ നൽകേണ്ട വിശദാംശങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ചെക്ക് പോസ്റ്റുകളിൽ വ്യാപാരികൾ നൽകേണ്ട വിശദാംശങ്ങൾ സംബന്ധിച്ച് ഇപ്പോൾ സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അപ്രായോഗികമാണെന്ന് വ്യാപാരികൾ പരാതിപ്പെട്ടിരിക്കുന്നു. ഈവിഷയം ബന്ധപ്പെട്ടവരുമായി സംസാരിച്ച് തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ആദരവോടുകൂടി കേൾക്കാം. ഇപ്പോൾ ചെക്ക്പോസ്റ്റുകളിൽ കൊണ്ടു വന്നിരിക്കുന്ന ക്രമീകരണം വളരെ നല്ലതാണെന്നാണ് എനിക്കു തോന്നുന്നത്. ഇനി ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ നമുക്കൊരുമിച്ചിരുന്ന് തുറന്ന മനസ്സോടെ ചർച്ച ചെയ്യാം.

2. ചീഫ് സെക്രട്ടറിക്കെതിരായി ശ്രീ. വി. എസ്. സുനിൽകുമാർ ഉന്നയിച്ച ആരോപണത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നത്തെ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വി.എസ്. സുനിൽ കുമാർ ചീഫ് സെക്രട്ടറിക്കെതിരായി ഇവിടെ ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. അതുസംബന്ധിച്ചുള്ള എല്ലാ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ആരോപണം അടിസ്ഥാനരഹിതമാണ്. അദ്ദേഹം പറഞ്ഞ ഒന്നാമത്തെ കാര്യം, ചീഫ് സെക്രട്ടറി സ്വത്ത് വിവരങ്ങൾ കൊടുത്തതിനകത്ത് അദ്ദേഹത്തിന്റെ ഭാര്യ രഞ്ജനയുടെ പേരിലുള്ള സ്വത്തുക്കളൊന്നും ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ളതാണ്. ഈ രണ്ട് പ്ലോട്ടും അവർ ആരിൽ നിന്നും വിലയ്ക്ക് വാങ്ങിയതല്ല. കുടുംബ സ്വത്തിന്റെ ഭാഗമായി മാതാവിന്റെ ആധാരപ്രകാരം തലമുറകളായി

LIBRARY ARCHIVES Kerala Legislative Assembly